അനക്സ് –1

<u>കുറിപ്പ്</u>

.

**<u>സേവന സിവിൽ രജിസ്ട്രേഷൻ – – വിവാഹ രജിസ്ട്രേഷൻ വെബ്‌വഴി അപേക്ഷകൾ സമർപ്പിക്കുന്നതും – എസ്. എം.എസ്. സന്ദേശം നൽകുന്നതും സംബന്ധിച്ച നടപടി ക്രമങ്ങൾ</u>**

I. **<u>പൊതു വിവാഹ രജിസ്ട്രേഷൻ വെബ് വഴി അപേക്ഷ നൽകൽ സംബന്ധിച്ച്:</u>**

1. ഫോട്ടോ സ്കാൻ ചെയ്യുന്നതിന് സൗകര്യമുള്ള സ്വന്തമായ ഇന്റർനെറ്റ് കണക്ഷൻ, അക്ഷയ കേന്ദ്രങ്ങൾ, കുടുംബശ്രീ ഐ.ടി.യൂണിറ്റുകൾ, ഇന്റർനെറ്റ് കഫേകൾ, എന്നിവിടങ്ങളിൽ നിന്ന് വിവാഹ രജിസ്ട്രേഷന് ആവശ്യമായ മെമ്മോറാണ്ടം നേരിട്ട് വെബ് ഫോറത്തിൽ രേഖപ്പെടുത്താൻ കഴിയുന്നതാണ്. വിവാഹത്തിന് ശേഷം (ആവശ്യമെങ്കിൽ, വിവാഹത്തിന് മുമ്പും) ഈ വിവരങ്ങൾ രേഖപ്പെടുത്തുവാൻ കഴിയുന്നതാണ്. വിവാഹത്തിനു ശേഷം തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി മെമ്മോറാണ്ടം ആവശ്യമായ രേഖകളും ഫീസും സഹിതം സമർപ്പിക്കുമ്പോൾ മാത്രമേ വെബ് വഴിയുള്ള രേഖകൾ പ്രസക്തമാവുകയുള്ളൂ.

2. വിവാഹ സംബന്ധമായ വിവരങ്ങൾ വെബിൽ രേഖപ്പെടുത്തുന്നിതിന് www.cr.lsgkerala.gov.in എന്ന വെബ് സൈറ്റിലേക്ക് ലോഗ് ഓൺ ചെയ്യേണ്ടതാണ്. അതിനുശേഷം "Common Marriage on line application" എന്ന ബട്ടൺ ഉപയോഗിച്ച് ജില്ല, തദ്ദേശഭരണ സ്ഥാപനം എന്നിവ തെരഞ്ഞെടുക്കേണ്ടതാണ്.

3. ജില്ല, തദ്ദേശഭരണ സ്ഥാപനം എന്നിവ തെരഞ്ഞെടുത്ത ശേഷം 'Submit' ബട്ടൺ അമർത്തുമ്പോൾ ഒരു ലോഗിൻ രജിസ്ട്രേഷൻ സ്ക്രീൻ ലഭിക്കുന്നതാണ് ആവശ്യമായ വിവരങ്ങൾ നൽകി രജിസ്ട്രേഷൻ പൂർത്തിയാക്കിയാൽ ഡേറ്റാ എൻട്രിക്കു വേണ്ടിയുള്ള വിവാഹ രജിസ്ട്രേഷൻ ഫോറം (ഫോറം 1) ലഭിക്കുന്നതാണ്.

4. ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ കൃത്യതയോടെയും, തെറ്റുകൂടാതെയും രേഖപ്പെടുത്തേണ്ടതാണ്. വിവാഹ സ്ഥലം (Marriage Place) എന്നതു കൊണ്ടുദ്ദേശിക്കുന്നത് വിവാഹം നടന്ന സ്ഥലം (മണ്ഡപം/ഹാൾ/ആരാധനാലയം തുടങ്ങിയവ) പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളും കോംബോ വഴിയായി തെരഞ്ഞെടുക്കാൻ കഴിയുന്നതാണ്. കോംബോയിൽ ലഭ്യമല്ല എങ്കിൽ മറ്റുള്ളവ (others) തെരഞ്ഞെടുത്ത് വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. **<u>വധൂ വരന്മാരുടെയും മാതാപിതാക്കളുടേയും സാക്ഷികളുടേയും മറ്റും അഡ്രസ്സ് നൽകുമ്പോൾ പിൻകോഡ് കൂടി നൽകാൻ</u>**

**പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. (പിൻകോഡ് സഹിതം അഡ്രസ്സ് നൽകണമെന്നത് ഇൻഡ്യൻ പോസ്റ്റൽ നിയമം അനുസരിച്ച് നിർബന്ധമാണ്).** ഉപഭോക്താക്കളുടെ സൗകര്യത്തിനായി കേരളത്തിലെ പോസ്റ്റോഫീസ് പിൻകോഡുകൾ ഒരു മാസ്റ്റർ ഡാറ്റാ ബേസായി നൽകിയിട്ടുണ്ട് (for combo selection).

5. വിവാഹിതരായവരുടെ ഫോട്ടോ സ്കാൻ ചെയ്ത് ചേർക്കേണ്ടതാണ്.

6. വിവരങ്ങൾ രേഖപ്പെടുത്തി Submit (save) ചെയ്യുമ്പോൾ ഫോറം പരിശോധനയ്ക്കായി ലഭിക്കുന്നതാണ്. പരിശോധിച്ച് തെറ്റുകൾ ഉണ്ടെങ്കിൽ തിരുത്താൻ കഴിയുന്നതാണ്. ഫോറത്തിന്റെ മുകളിൽ ഒരു റഫറൻസ് നമ്പർ ഉണ്ടായിരിക്കുന്നതാണ്. ഫോറത്തിന്റെ പ്രിന്റ് ഔട്ട് എടുത്ത് ബന്ധപ്പെട്ട എല്ലാവരും ഒപ്പിട്ട് തദ്ദേശ ഭരണ സ്ഥാപനത്തിൽ അപേക്ഷയായി നൽകാവുന്നതാണ്.

7. ഉപഭോക്താവിന്റെ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് ഫോറം വീണ്ടും കാണുന്നതിനും ആവശ്യമെങ്കിൽ തിരുത്തൽ വരുത്തുന്നതിനും കഴിയുന്നതാണ്. പ്രസ്തുത തദ്ദേശഭരണ സ്ഥാപനത്തിൽ ഫോറം ഡൗൺലോഡ് ചെയ്യുന്നതു വരെ മാത്രമേ ഈ സൗകര്യം ലഭ്യമാവുകയുള്ളൂ. തദ്ദേശഭരണസ്ഥാപനത്തിൽ ഫോറം ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിന് ഫോറത്തിന് മുകളിലുള്ള റഫറൻസ് നമ്പരാണ് ഉപയോഗിക്കേണ്ടത്

8. വെബിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതുകൊണ്ടു മാത്രം തദ്ദേശഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകിയതായി കണക്കാക്കുന്നതല്ല. അതിന് വെബ്ബിൽ രേഖപ്പെടുത്തിയ ഫോറത്തിനോടൊപ്പം ആവശ്യമായ രേഖകളും, ഫീസും ദമ്പതികൾ തദ്ദേശ ഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപത്തിൽ ഇപ്രകാരം രേഖകൾ സമർപ്പിക്കുന്ന തീയതിയാണ് അപേക്ഷാ തീയതിയായി കണക്കാക്കുക. അതിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷ യഥാസമയമാണോ സമർപ്പിച്ചിരിക്കുന്നത്, കാലതാമസം ഉണ്ടായിട്ടുണ്ടോ എന്നും മറ്റും കണക്കാക്കുന്നത്.

9. തദ്ദേശഭരണ സ്ഥാപനത്തിൽ ലഭിക്കുന്ന അപേക്ഷ ക്രമ പ്രകാരമാണോ, ആവശ്യമായ രേഖകൾ ഉണ്ടോ, നിശ്ചിത തീയതിക്കകം നൽകിയിട്ടുണ്ടോ, താമസിച്ചാണ് നൽകിയിട്ടുള്ളതെങ്കിൽ കാലതാമസം മാപ്പാക്കുന്നതിനാവശ്യമായ രേഖകൾ നൽകിയിട്ടുണ്ടോ തുടങ്ങിയവ പരിശോധിച്ച് നിശ്ചിത ഫീസ് സഹിതം തദ്ദേശ ഭരണ സ്ഥാപനത്തിലെ തപാൽ സെക്ഷനിൽ സ്വീകരിക്കുന്നതാണ്.

10. വെബ് റഫറൻസ് നമ്പർ ഉപയോഗിച്ച് തദ്ദേശ ഭരണ സ്ഥാപനം വെബ് സൈറ്റിൽ നിന്നും അപേക്ഷാ വിവരങ്ങൾ (ഫോറം –1) ഡൗൺലോഡ് ചെയ്യേണ്ടതാണ്. അതിൽ തപാൽ നമ്പർ (Inward Number) ഫീസ് അടച്ച വിവരങ്ങൾ (Details of Fees Receipt) തുടങ്ങിയവ രേഖപ്പെടുത്തി അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള രേഖകളുമായി ഒത്തു നോക്കി ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തി പ്രിന്റ് ഔട്ട്(ഫോറം –3) എടുത്ത് ദമ്പതികളെക്കൊണ്ട് നിശ്ചിത സ്ഥാനത്ത് ഒപ്പിടുവിപ്പിച്ച് നിയമപ്രകാരം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ഫാറം 4 പ്രകാരമുള്ള സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്ത് ഒപ്പിട്ട് നൽകാൻ കഴിയുന്നതാണ്.

11. ഡേറ്റ എൻട്രിക്കു പകരമായി വെബ് സൈറ്റിൽ നിന്നും അപേക്ഷ ഡൗൺലോഡ് ചെയ്യുന്നതൊഴികെയുള്ള കാര്യങ്ങൾ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന നടപടിക്രമം തന്നെയാണ്.

12. നിശ്ചിത സമയത്തിനകം സമർപ്പിച്ചിട്ടില്ലാത്ത അപേക്ഷകൾ കാലതാമസം മാപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അയച്ചു കൊടുത്ത് അനുവാദം കിട്ടിയതിനു ശേഷം മാത്രമേ രജിസ്ട്രേഷൻ നടത്താൻ കഴിയുകയുള്ളു.

13. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി വെബ്ബിലേക്ക് അപ്ഡേറ്റ് ചെയ്തു കഴിയുമ്പോൾ വിവരങ്ങൾ വെബ്സൈറ്റിലും ലഭ്യമാകുന്നതാണ്.

## II. എസ്.എം.എസ് സന്ദേശം നൽകുന്നത്

1. അപേക്ഷകരിൽ നിന്നും താഴെ പറയുന്ന വിവരങ്ങൾ കൂടി അധികമായി റിപ്പോർട്ടിനോടൊപ്പം ശേഖരിച്ച് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നു.

   a. *ജനനം* – മാതാവിന്റെയോ, പിതാവിന്റെയോ മൊബൈൽ നമ്പർ, ഇ–മെയിൽ ഐ.ഡി, ലാന്റ് ഫോൺ നമ്പർ

   b. *മരണം* – ബന്ധു/വിവരം നൽകുന്ന വ്യക്തിയുടെ മൊബൈൽ നമ്പർ, ഇ–മെയിൽ ഐ.ഡി, ലാന്റ് ഫോൺ നമ്പർ

   c. *വിവാഹം* – ഭാര്യ/ഭർത്താവിന്റെ മൊബൈൽ നമ്പർ, ഇ–മെയിൽ ഐ.ഡി, ലാന്റ് ഫോൺ നമ്പർ(ഈ വിവരങ്ങൾ നൽകണമെന്ന് നിർബന്ധമില്ല.. എസ്.എം.എസ് അലർട്ടുകൾ ലഭിക്കണമെന്ന് താല്പര്യമുള്ളവർക്ക് ഇത് നൽകാവുന്നതാണ്).

2. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി രജിസ്ട്രാർമാർ ഡേറ്റാ സെന്ററിലേക്ക് ഡേറ്റ അപ്ലോഡ് ചെയ്തുകഴിയുമ്പോൾ രേഖപ്പെടുത്തിയ മൊബൈൽ നമ്പറുകളിലെക്ക് അതതിനനുസരണമായ എസ്.എം.എസ് സന്ദേശം ലഭിക്കും.

3. നവജാത ശിശുക്കളുടെ കേസിൽ പ്രതിരോധ കുത്തിവയ്പ്പു ഷെഡ്യൂളിന് അനുസരണമായ തീയതികളിൽ ഓർമ്മപ്പെടുത്തൽ സന്ദേശങ്ങൾ നൽകാൻ കഴിയുന്നതാണ്.

<u>നേട്ടങ്ങൾ</u>

1. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എത്തുന്ന ദമ്പതികൾക്ക് മിനിട്ടുകൾക്കകം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നേടാൻ കഴിയുന്നതാണ്. സ്ഥിരമായ താമസ്ഥലത്തു നിന്നും വിദൂരമായ സ്ഥലത്തു വച്ചാണ് വിവാഹം നടന്നതെങ്കിൽ വിവാഹം കഴിഞ്ഞാൽ ഉടൻ തന്നെ രജിസ്ട്രേഷൻ യൂണിറ്റിൽ എത്തി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി സർട്ടിഫിക്കറ്റുമായി ദമ്പതികൾക്ക് മടങ്ങാൻ കഴിയുന്നതാണ്.

2. തദ്ദേശ ഭരണ സ്ഥാപനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഡേറ്റ എൻട്രി, അതിലെ തിരുത്തുകൾ എന്നിവ ഒഴിവാകുന്നതു മൂലം സമയം ലാഭിക്കുന്നിതിനാൽ കൂടുതൽ പേർക്ക് കുറഞ്ഞ സമയം കൊണ്ട് സേവനം നൽകാൻ സാധിക്കും.

3. തദ്ദേശ സ്ഥാപനത്തിൽ പോകാതെ തന്നെ വെബ് ഫാറം പൂരിപ്പിച്ച് തെറ്റു തിരുത്തി തയ്യാറാക്കിയ ശേഷം നേരിട്ട് എത്തുന്നതിനാൽ അനാവശ്യമായ യാത്രകൾ ഒഴിവാക്കാൻ കഴിയുന്നതാണ്.

4. ഇപ്പോൾ പല തദ്ദേശഭരണ സ്ഥാപനത്തിലും ഇ–പേയ്മെന്റ് സംവിധാനം നിലവിലുള്ളതിനാൽ പൊതു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഇ–പേയ്മെന്റ് സംവിധാനം വഴി പ്രസ്തുത ഫീസ് ഒടുക്കി വെബ് വഴി അപേക്ഷ സമർപ്പിക്കാൻ കഴിയുന്നതാണ്.

5. വെബ്സൈറ്റ് വഴിയായി വിവരം ലഭ്യമാകുന്നതിനാൽ പാസ്പോർട്ട് ഓഫീസിലും മറ്റും ഉള്ള ഔദ്യോഗിക പരിശോധന എളുപ്പമായിത്തീരും.

6. അക്ഷയ/കുടുംബശ്രീ ഐ.ടി കേന്ദ്രങ്ങളുടെ സേവനം ഈ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. അപേക്ഷകർക്ക് ജനന–മരണ വിവാഹ സർട്ടിഫിക്കറ്റുകളുടെ സ്ഥിതി അറിയുവാൻ സാധിക്കുന്നതാണ്.

7. നവജാത ശിശുക്കളുടെ ആരോഗ്യ സംരക്ഷണത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പ്രതിരോധ കുത്തിവയ്പ്പുകൾ. നിശ്ചിത തീയതികൾ മാതാപിതാക്കളെ എസ്.എം.എസ്സിലൂടെ അറിയിക്കുന്നത് പൊതുജനനാരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഒരു പുതിയ നാഴികകല്ലാണ്.